# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P12/716/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 16/10/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മിഷണർ

നമ്പർ: KSA/PTA/P12/716/23 തീയ്യതി: 16/10/2023

## പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-06-2023 | 03-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-06-2023 | 03-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ എൻ.
ശ്രീമതി സ്മിത.റ്റി.
ശ്രീമതി അശ്വതി വി. നായർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു ചന്ദ്രമോഹൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ലക്ഷ്മി ദാസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.രാജേഷ് പി | മെഡിക്കൽ ഓഫീസർ (സാമൂഹികാരോഗ്യ കേന്ദ്രം) | 01-04-2022 | 06-06-2022 |
| ഡോ. മായ ആർ | മെഡിക്കൽ ഓഫീസർ (സാമൂഹികാരോഗ്യ കേന്ദ്രം) | 07-06-2022 | 31-03-2023 |
| ഡോ.സിനീഷ് പി ജോയ്[ | സൂപ്രണ്ട് (താലൂക്കാശുപത്രി) | 01-04-2022 | 31-03-2023 |
| ശ്രീമതി ജിജിമോൾ പി കുര്യൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2022 | 31-03-2023 |
| ശ്രീ. സാബു എം.എസ് | ക്ഷീര വികസന ഓഫീസർ | 01-04-2022 | 23-06-2022 |
| ശ്രീമതി ശ്രീകല എസ് | ക്ഷീര വികസന ഓഫീസർ (ഇൻ ചാർജ്) | 27-06-2022 | 31-03-2023 |
| ശ്രീമതി ജാസ്മിൻ കെ | ശിശുക്ഷേമ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ദിലീപ്.എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 22-09-2022 |
| ശ്രീ. ആശാ റാണി എ.എസ് | അസിസ്റ്റന്റ് എൻജിനീയർ | 23-09-2022 | 31-03-2023 |
| ശ്രീമതി അമ്പിളി കെ.യു | പട്ടിക ജാതി വികസന ഓഫീസർ | 01-04-2022 | 30-06-2022 |
| ശ്രീമതി മഞ്ജു കെ.ആർ | പട്ടിക ജാതി വികസന ഓഫീസർ | 01-07-2022 | 31-03-2023 |
| ശ്രീമതി സമീന ആർ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 06-08-2022 |
| ശ്രീമതി കവിത എസ്. | ഇൻഡസ്ട്രീസ് | 07-08-2022 | 28-09-2022 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ | | |
| ശ്രീ. ജയ്സൺ ഡേവിഡ് | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 28-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ഡെപ്പോസിറ്റ് തുകയുടെ കൃത്യത വ്യക്തമല്ല | 1-1-2 |
| 4 | ഭൂമിയുടെ മൂല്യം ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് ചെയ്ത തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-4 |
| 6 | അഡ്വാൻസ് തുകയുടെ കൃത്യത വ്യക്തമല്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക നില (റസീപ്റ്റ് & പേമന്റ് പ്രകാരം) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | ക്യാഷ് പരിശോധന | 1- 6 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 14 | ആർ.ആർ.എഫിന് വാങ്ങിയ ബെയിലിംഗ് മെഷീൻ ഉപയോഗമില്ലാതെ നശിക്കുന്നു | 1-9 |
| 15 | ഗ്രാമപ്പഞ്ചായത്തുകളുടെ അനുമതി വാങ്ങാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കി | 1-10 |
| 16 | സംയുക്ത പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-11 |
| 17 | റോഡുകളുടെ മെയിന്റനൻസ് - ഗ്രാമപ്പഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുമതി വാങ്ങിയില്ല | 1-12 |
| 18 | ഭൂജല അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചതിന്റെ ബാക്കി തിരികെ വാങ്ങിയില്ല | 1-13 |
| 19 | മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു | 1-14 |
| 20 | അഗതികൾക്കും അതിദരിദ്രർക്കുമായുള്ള പദ്ധതികൾ നടപ്പാക്കിയില്ല | 1-15 |
| 21 | വനിതാഘടകപദ്ധതി - സർക്കാരിന്റെ നിർദ്ദേശം പാലിച്ചില്ല | 1-16 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30-05-2023 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 03-06-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട — സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

16/10/2023 — പത്തനംതിട്ട

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക കണക്കിനോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന അനുപാതങ്ങൾ(Ratios), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെപ്പറ്റിയുള്ള കുറിപ്പുകൾ (Notes To Accounts) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ഡെപ്പോസിറ്റ് തുകയുടെ കൃത്യത വ്യക്തമല്ല

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വിവിധ നിക്ഷേപങ്ങളുടെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

## 1-1-3 ഭൂമിയുടെ മൂല്യം ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തി വിവരങ്ങൾ കൃത്യമായി കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-1-4 ഡെപ്പോസിറ്റ് ചെയ്ത തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

Capital Work-in-Progress-ഈ ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 7724428 രൂപയിൽ ഓഡിറ്റ് വർഷത്തെ പാർട്ട് ബിൽ തുകയായ 687769 രൂപ ഒഴികെയുള്ള തുക മുൻ വർഷങ്ങളിൽ വിവിധ ഏജൻസികൾക്ക് നൽകിയ ഡെപ്പോസിറ്റ് തുകയാണ്. തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.

### 1-1-5 അഡ്വാൻസ് തുകയുടെ കൃത്യത വ്യക്തമല്ല

അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ Advance To Implementing Officers ഇനത്തിലെ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

## 1-2 ബജറ്റ്

25.03.2022-ലെ ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം 2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അംഗീകരിച്ചു. 2022-23 ലെ റിവൈസ്ഡ് ബജറ്റ് 20.03.2023-ലെ ബ്ലോക്ക്പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-3 സാമ്പത്തിക നില (റസീപ്റ്റ് & പേമന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8263187 |
| വരവ് | 50960397 |
| ആകെ | 59223584 |
| ചെലവ് | 51975608 |
| നീക്കിയിരിപ്പ് | 7247976 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് (ചെലവു പത്രിക പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18477000 | 18477000 | 16474895 | 2002105 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11209000 | 11209000 | 9550574 | 1658426 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 132000 | 132000 | 117334 | 14666 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2163000 | 4468000 | 6631000 | 2683600 | 3947400 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 135915 | 3190476* | 3326391 | 1211864 | 2114527 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 5169000 | 5169000 | 5168862 | 138 |

(* ബാങ്ക് പലിശ 205370 ഉൾപ്പെടെയുള്ള തുക)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 92 | 59665254 | 75 | 37130899 | 17 | 81.5 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്റ്റുകൾ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 41 | 31 | 29392575 | 16607895 | 56.5 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 21 | 16 | 10853598 | 4930693 | 45.4 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 4 | 3 | 1987580 | 937580 | 47.2 |
| ശിശു വികസന പ്രോജക്റ്റ് ഓഫീസർ | 5 | 5 | 1790970 | 1777855 | 99.3 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കല്ലൂപ്പാറ | 6 | 6 | 2057720 | 2022681 | 98.3 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 6 | 6 | 4045067 | 3942350 | 97.5 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 3 | 4683744 | 2857917 | 61 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 3454000 | 3453928 | 99.9 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1400000 | 600000 | 42.9 |
| ആകെ | 92 | 75 | 59665254 | 37130899 | 62.2 |

## 1- 6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.06.2023-ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനാ വേളയിൽ നീക്കിയിരിപ്പ് തുക ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവിന്റെ ആസ്തി മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെയും സംയുക്ത പദ്ധതികളുടെയും നിർവ്വഹണം മോണിറ്റർ ചെയ്യുന്നുണ്ട്. ജനറൽ പർപ്പസ് ഫണ്ട് ചെലവുകളുടെ സുതാര്യത ഉറപ്പ് വരുത്തുന്നുണ്ട്. വിവിധ സേവനങ്ങളും സാധനങ്ങളും സമാഹരിയ്ക്കുന്നതിന് പ്രൊക്യുവയർമെന്റിനായുള്ള മാർഗ്ഗരേഖ പാലിയ്ക്കുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ മുഖേന വിവിധ ഉദ്യോഗസ്ഥർക്ക് ജോലി വിഭജനം നടത്തുകയും നിശ്ചിത സമയങ്ങളിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി ആയത് വിശകലനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിയ്ക്കുന്നില്ല. വൗച്ചറുകൾ, പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയലുകൾ, മറ്റ് രജിസ്റ്ററുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.01.2018 | 2012-13 മുതൽ 2016-17 വരെ | 05.2.2018 |
| പെർഫോമൻസ് ഓഡിറ്റ് | 20.04.2021 | 2019-20 | 31.07.2021 |

## 1-9 ആർ.ആർ.എഫിന് വാങ്ങിയ ബെയിലിംഗ് മെഷീൻ ഉപയോഗമില്ലാതെ നശിക്കുന്നു

ഖരമാലിന്യപരിപാലനത്തിന് 2020-21 ലെ പദ്ധതി പ്രകാരം വാങ്ങി സ്ഥാപിച്ച ബെയിലിംഗ് മെഷീൻ ഉപയോഗമില്ലാതെ നശിക്കുന്നു. ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ആർ.ആർ.എഫ്- ൽ എത്തിക്കാതെ ക്ലീൻ കേരളാ കമ്പനി നേരിട്ട് ഏറ്റെടുക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽത്തന്നെ ആർ.ആർ.എഫ് (Resourse Recovery Facility) -ന് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ 2020-21 ലെ പദ്ധതി പ്രകാരം 534492 രൂപ ചെലവഴിച്ച് ക്ലീൻ കേരളാ കമ്പനിയിൽ നിന്ന് ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിച്ചിരുന്നു. ഇതേ വർഷത്തെ പദ്ധതി പ്രകാരം ബെയിലിംഗ് മെഷീന്റെ വൈദ്യുതീകരണത്തിനായുള്ള പ്രവൃത്തികൾക്ക് 176437 രൂപ ചെലവഴിച്ച് നടത്തിയിട്ടുമുണ്ട്.

ആർ.ആർ.എഫ്-ന്റെ നടത്തിപ്പിനായി 1.11.2020 മുതൽ ഒരു വർഷത്തേക്ക് ക്ലീൻ കേരളാ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിരുന്നു. തുടർന്ന് കരാർ 31.10.2022 വരെ 1 വർഷത്തേക്ക് കൂടി പുതുക്കുകയുണ്ടായി. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് തുടർച്ചയായി ആവശ്യപ്പെട്ടെങ്കിലും 1.11.2022 ന് ശേഷം കരാർ പുതുക്കാൻ ക്ലീൻ കേരളാ കമ്പനി തയ്യാറായില്ല. കരാർ അനുസരിച്ച് ആർ.ആർ.എഫ്-ന്റെ പ്രവർത്തനച്ചെലവുകൾക്കായി 2021-22 ലെ 59/22 നമ്പർ പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് 206000 രൂപ ക്ലീൻ കേരളാ കമ്പനിക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ കരാറിന് വിരുദ്ധമായി, ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നും ഹരിതകർമ്മസേന മുഖേന തരംതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ആർ.ആർ.എഫ് - ൽ എത്തിക്കാതെയും ബെയിലിംഗ് മെഷീൻ മുഖേന Resettle ചെയ്യാതെയും ക്ലീൻ കേരളാ കമ്പനി നേരിട്ട് ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. സ്ഥാപിക്കപ്പെട്ട ബെയിലിംഗ് മെഷീൻ ഇക്കാരണത്താൽ ഉപയോഗമില്ലാതെ നാശോന്മുഖമായ നിലയിലാണ്. ഈ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് തുടർച്ചയായി ക്ലീൻ കേരളാ കമ്പനിക്ക് കത്തുകൾ നൽകിയിരുന്നുവെങ്കിലും ആ സ്ഥാപനം നിസ്സഹകരണ മനോഭാവമാണ് സ്വീകരിച്ചിട്ടുള്ളത്. ആണ് നിലവിലുള്ള പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളത്.

ആർ.ആർ.എഫ് ഉപയോഗപ്പെടുത്തുന്നതിന് നിലവിൽ ഉണ്ടായ പ്രതിസന്ധി പരിഹാരിക്കുന്നതിനാവശ്യമായ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമപ്പഞ്ചായത്തുകളുടെ അനുമതി വാങ്ങാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പാക്കി

ഗ്രാമപ്പഞ്ചായത്തുകളുടെ പദ്ധതിനിർദ്ദേശങ്ങളും അനുമതിയും വാങ്ങാതെ കെ.എസ്.ഇ.ബി മുഖേന സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷന് 11.48 ലക്ഷം രൂപ ചെലവഴിച്ച് ഡെപ്പോസിറ്റ് പ്രവൃത്തികൾ ഏറ്റെടുത്തു.

ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപ്പഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകുന്ന പദ്ധതി നിർദേശങ്ങൾ കണക്കിലെടുത്ത് വേണം ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന് സർക്കാർ 19.4.2022 ലെ സ.ഉ.(കൈ). നമ്പർ 84/2022/തസ്വഭവ നമ്പർ ആയി പുറപ്പെടുവിച്ച പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് കെ.എസ്.ഇ.ബി മുഖേന നിർവ്വഹണം നടത്തുന്ന വിവിധ സ്ട്രീറ്റ് മെയിൻ/ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്ക് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി പ്രകാരം 1148258 രൂപ ഡെപ്പോസിറ്റ് ചെയ്തത് ( പ്രോജക്ട് നമ്പർ S2/23, അടങ്കൽ - 1300000 – CFC ഗ്രാന്റ്). വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | ഡെപ്പോസിറ്റ് തുക ആകെ | നൽകിയ തീയതി |
|---|---|---|---|---|
| 1 | കാഞ്ഞിരത്തുങ്കൽ കൊണ്ടിയകുന്നേൽ റോഡ് | 9440 | 485216 | 27.3.2023 |
| 2 | കുരുന്നംവേലി മുട്ടംഉണ്ടി റോഡ് | 23600 | | |
| 3 | പിടന്നപ്ലാവ് കൊണ്ടിയകുന്നേൽറോഡ് | 59000 | | |
| 4 | കുരുന്നംവേലി പുള്ളോലിപ്പടി റോഡ് | 70800 | | |
| 5 | കാവുംകഴ പുള്ളോലി റോഡ് | 35400 | | |
| 6 | കുറിക്കാനം തുറയിൽപ്പടി റോഡ് | 29500 | | |
| 7 | കണ്ണംപ്ലാവ് കളത്തൂർമൂഴി റോഡ് | 12980 | | |

| | | | | |
|---|---|---|---|---|
| 8 | തലേപ്പുഴക്കടവ് ചന്തക്കടവ് റോഡ് | 244496 | | |
| 9 | സ്ട്രീറ്റ് മെയിൻ നീട്ടൽ 110 M – വായനശാലപ്പടി കടപ്പനക്കൽപ്പടി റോഡ് | 12980 | | |
| 10 | Adding 720 M One Conductor On The Existing Poles And Constructing 105 M LT SP 3 Wire Line – കരിമ്പനാക്കുഴി രാമച്ചമുറി റോഡ് | 129328 | | |
| 11 | LT SP 2 Wire Line 480 M And Adding 150 M One Conductor- പുല്ലാനിപ്പാറ വായുംതലയ്ക്കൽപ്പടി | 210276 | 599912 | 13.2.2023 |
| 12 | LT SP 2 Wire Line And Adding 150 M One Conductor- CK റോഡ് തൊട്ടുകേമല | 134520 | | |
| 13 | Adding 480 M One Conductor For Street Main At Alaprakkad- Pallipapdy Road | 56640 | | |
| 14 | Constructing 140 M LT SP 2 Wire Line – ആറ്റുവേലിൽ മാത്തുമുറി റോഡ് | 56168 | | |
| | | | | |
| 15 | സ്ട്രീറ്റ് മെയിൻ നീട്ടൽ - 535 M – മല്ലപ്പള്ളി ഗ്രാ.പ വാർഡ് 2, ആനിക്കാട് ഗ്രാ.പ വാർഡ് 2 | 63130 | 27.3.23 | |
| ആകെ | | 1148258 | | |

പ്രവൃത്തികൾ നിർവ്വഹണ ഘട്ടത്തിലാണ്. ഗ്രാമപ്പഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുമതിയും നിർദ്ദേശവും വാങ്ങാതെ ഡെപ്പോസിറ്റ് വർക്കുകൾ ഏറ്റെടുത്തത് ക്രമപ്രകാരമല്ല. ഗ്രാമപ്പഞ്ചായത്തുകൾ കൂടി ഇവയിൽ ഏതെങ്കിലും പ്രവൃത്തികൾ ഏറ്റെടുക്കുന്ന പക്ഷം, ചെലവിന്റെ ആവർത്തനത്തിനും ഫണ്ട് നഷ്ടത്തിനുമിടയാക്കുന്നതിനുള്ള സാദ്ധ്യത നിലനിൽക്കുന്നതായി വിലയിരുത്തുന്നു. ആയതിനാൽ നടപ്പുവർഷം മുതൽ ഗ്രാമപ്പഞ്ചായത്തുകളുടെ അനുമതിയോടെ മാത്രം ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്.

## 1-11 സംയുക്ത പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം ചുവടെ പറയുന്ന സംയുക്ത പദ്ധതികൾ പ്രകാരം ഗ്രാമപ്പഞ്ചായത്തുകൾക്ക് തുക കൈമാറിയെങ്കിലും അവയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, അടങ്കൽ | ഗ്രാമപ്പഞ്ചായത്ത് | നൽകിയ തുക | ഫണ്ട് കൈമാറിയ തീയതി,ബിൽ നമ്പർ/അലോട്ട്മെന്റ് നമ്പർ/വൗച്ചർ നമ്പർ |
|---|---|---|---|---|
| 1 | 108 ാം നമ്പർ വെള്ളയിൽ അംഗൻവാടി കെട്ടിടനിർമ്മാണം S92/23 500000 | കൊറ്റനാട് | 500000 | BRN 220423/ 21.2.23 300000<br>TSB Ref. No 873251/ 21.2.23 200000 |
| 2 | വിവിധ പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിയ്ക്കൽ S31/23 228125 | കല്ലൂപ്പാറ | 228125 | അലോട്ട്മെന്റ് നം. 51/ 20.8.2022 |
| 3 | ഉന്നത്തോലി കുടിവെള്ളപദ്ധതി S114/23 300000 | കൊറ്റനാട് | 300000 | PFMS Vr No XVFC/22-23/P/6 Dt 3.3.23 |
| 4 | ചുട്ടുമൺ പൂവക്കട | കൊറ്റനാട് | 500000 | PFMS Vr No |

| | | | | |
|---|---|---|---|---|
| | കുടിവെള്ളപദ്ധതി S115/23 500000 | | | XVFC/22-23/P/4 Dt 23.2.23 |
| 5 | പുല്ലാനിതടം കുടിവെള്ളപദ്ധതി S118/23 567588 | | 567588 | Vr No XVFC/22-23/ P/3 Dt 22.2.23 |
| 6 | കാവുംപടി എസ്.സി കോളനി കുടിവെള്ളപദ്ധതി S93/23 600000 | കൊറ്റനാട് | 600000 | VR No XVFC/ 22-23/P/9 Dt 9.3.23 |
| 7 | ലൈഫ് ഭവനപദ്ധതി- അധിക ധനസഹായം S44/23 | ആനിക്കാട് | 320000 | ബിൽ റഫറൻസ് നം. 594804/ 29.9.22 |
| 8 | അംഗൻവാടിക്കെട്ടിട നിർമ്മാണം S30/23 434090 | കോട്ടാങ്ങൽ | 434000 | അലോട്ട്മെന്റ് നം. 130/ 26.10.22 |
| 9 | ശ്മശാനം - ചുറ്റുമതിൽ നിർമ്മാണം | കൊറ്റനാട് | 56997 | അലോട്ട്മെന്റ് നം. 314/ 8.2.23 |
| 10 | ലൈഫ് ഭവനപദ്ധതി (SCP)- അധികധനസഹായം | ആനിക്കാട് | 423321 | അലോട്ട്മെന്റ് നം. 303/ 2.2.23 |

ടി പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായശേഷം അറിയിക്കേണ്ടതാണ്.

## 1-12 റോഡുകളുടെ മെയിന്റനൻസ് - ഗ്രാമപ്പഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുമതി വാങ്ങിയില്ല

ഗ്രാമപ്പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഗ്രാമപ്പഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങണമെന്ന് 19.4.2022 ലെ സ.ഉ.(കൈ) നമ്പർ 84/2022/തസ്വഭവ ആയി പുറപ്പെടുവിച്ച പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഏറ്റെടുത്ത റോഡ് പ്രവൃത്തികൾക്കൊന്നുംതന്നെ ഇപ്രകാരം ഗ്രാമപ്പഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുമതി വാങ്ങിയിട്ടില്ല. ഗ്രാമപ്പഞ്ചായത്തുകളുടെ പദ്ധതികളുമായി ആവർത്തനത്തിന് ഇടയാക്കും എന്നതിനാൽ ആ സ്ഥാപനങ്ങളിൽ നിന്നും രേഖാമൂലമുള്ള അനുമതി വാങ്ങിമാത്രം ഇപ്രകാരം റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതാണ്.

## 1-13 ഭൂജല അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചതിന്റെ ബാക്കി തിരികെ വാങ്ങിയില്ല

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 178800 രൂപ വകയിരുത്തി പദ്ധതി അംഗീകാരം വാങ്ങിയിരുന്നു (നിർവ്വഹണ ഉദ്യോഗസ്ഥ - സെക്രട്ടറി). ഭൂജല അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 57500 രൂപ ആണ് ടി സ്ഥാപനത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്തത്. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം ആകെ പ്രവൃത്തിമൂല്യം 41705 രൂപയാണ്. ചെലവഴിക്കാതെ അവശേഷിച്ച 15795 രൂപ നിർവ്വഹണ ഏജൻസിയിൽ നിന്ന് ഇതേവരെ തിരികെ വാങ്ങിയില്ല. ടി തുക തിരികെ വാങ്ങി കൺസോളിഡേറ്റ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-14 മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു

കല്ലൂപ്പാറ, സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ചുവടെ പറയും പ്രകാരം മരുന്നിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിലേക്ക് തുക ട്രാൻസ്ഫർ ചെയ്തെങ്കിലും മരുന്ന് പൂർണമായും ലഭ്യമായിട്ടില്ല.

| പ്രോജക്ട് നം. | പ്രോഫോമ നം. | തുക | ബിൽ നം. | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്ന് (തുക) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 39/22-23 കല്ലപ്പാറ CHC യ്ക്ക് മരുന്നും ലാബ് റീ-ഏജന്റും | PRF 426/20.06.22 | 400000 | 36984 തീ. 3.10.22 | 79812 |
| 25/22-23 പാലിയേറ്റീവ് കെയർ വയോജനക്ഷേമം. | ഹാജരാക്കിയില്ല | 692400 | 36998 തീ. 12.10.22 | 174552 |
| 25/22-23 പാലിയേറ്റീവ് കെയർ വയോജനക്ഷേമം. | A) PRF 5065/ 08.03.23<br>B) PRF5036/06.03.23<br>C)PRF4889/01.03.23 | 20800 | 13729 തീ.20.03.23 | 20800 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 അഗതികൾക്കും അതിദരിദ്രർക്കുമായുള്ള പദ്ധതികൾ നടപ്പാക്കിയില്ല

അഗതിരഹിതകേരളം (ആശ്രയ) പദ്ധതിയ്ക്കായുള്ള ആകെ അടങ്കലിന്റെ 15 % വിഹിതം ബ്ലോക്ക് പഞ്ചായത്തുകൾ അനിവാര്യമായും ഗ്രാമപ്പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ് എന്ന് 19.4.2022 ലെ സ.ഉ (കൈ) നമ്പർ 84/2022 /തസ്വഭവ ആയുള്ള പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിച്ച് ടി പദ്ധതിയ്ക്കായി വിഹിതം നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്റ്റ് ആവിഷ്കരിച്ചില്ല.

അതിദരിദ്രരെ സമൂഹപങ്കാളിത്തത്തോടെ കണ്ടെത്തുന്ന പ്രക്രിയ പൂർത്തിയായിയെന്നും, അതിദാരിദ്ര്യം പരിഹരിയ്ക്കുന്നതിനുള്ള അതിജീവന ആവശ്യങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, വികസന ആവശ്യങ്ങൾ തുടങ്ങി എല്ലാ ഘടകങ്ങളും ഉൾക്കൊള്ളിച്ച് ഗ്രാമപ്പഞ്ചായത്തുകൾ തയ്യാറാക്കുന്ന മൈക്രോപ്ലാനുകൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾ വിഹിതം നൽകണമെന്നും പ്രസ്തുത പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച് പദ്ധതികൾ നടപ്പാക്കിയില്ല.

അപാകം പരിഹരിയ്ക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-16 വനിതാഘടകപദ്ധതി - സർക്കാരിന്റെ നിർദ്ദേശം പാലിച്ചില്ല

കാലിത്തീറ്റവിതരണം വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല. പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയിലൂടെ സർക്കാർ നൽകിയ നിർദ്ദേശം പാലിയ്ക്കപ്പെട്ടില്ല.

ആകെ അനുവദിയ്ക്കപ്പെടുന്ന വികസനഫണ്ടിന്റെ കുറഞ്ഞത് 10% വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണമെന്നും, വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ആണ് പദ്ധതികൾ തയ്യാറാക്കേണ്ടത് എന്നും 19.4.2022 ലെ സ.ഉ(കൈ) നമ്പർ 84/2022/തസ്വഭവ ആയി പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലൂടെ നിർദ്ദേശിച്ചിരുന്നു. വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിയ്ക്കുന്ന വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി വനിതകൾക്കും പുരുഷന്മാർക്കും ഒരേപോലെ പ്രയോജനം ലഭിയ്ക്കുന്ന കാലിത്തീറ്റവിതരണ പദ്ധതി (S49/23 – അടങ്കൽ 17.34 ലക്ഷം, ചെലവ് - ) ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയത് ക്രമപ്രകാരമല്ല.

മേൽസൂചിപ്പിച്ച അപാകം ഒഴിവാക്കി, സർക്കാരിന്റെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായുള്ള പ്രോജക്ടുകൾ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 392000 | പി.എം.എ.വൈ ജി. അധിക ധനസഹായം | 392000 |
| ഗ്രാമ പഞ്ചായത്ത് | 14000 | ,, | 14000 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 196000 | ലൈഫ് മിഷൻ അധിക ധനസഹായം | 196000 |
| ഗ്രാമ പഞ്ചായത്ത് | 14000 | ,, | 14000 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് പ്രോജക്ട് നം. | വൗച്ചർ നം ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പ്രോ. നം. 02/2023<br>ലൈൻ എക്സ്റ്റൻഷൻ | Vr. No.22200535<br>Dtd 08.02.23 | 599912 | - | 599912 |
| KSEB | പ്രോ. നം. 02/2023<br>ലൈൻ എക്സ്റ്റൻഷൻ | V,No.22200670<br>Dtd 16.03.23 | 485216 | - | 485215 |
| KSEB | പ്രോ. നം. 02/2023<br>ലൈൻ എക്സ്റ്റൻഷൻ | Vno.22200671<br>Dtd 22.03.21 | 63130 | - | 63130 |
| G.W.D | പ്രോ. നം.8/2023<br>കോമ്പൗണ്ട് ബോർവെൽ നിർമാണം. | V.No. 22200538<br>Dtd 10.02.23 | 57500 | - | 57500 |
| G.W.D | പ്രോ. നം.118/2023<br>കൊറ്റനാട് ഗ്രാമ പഞ്ചായത്തിലെ പുലന്തടം കുടിവെള്ള പദ്ധതി | V No.22200572<br>Dtd 23.02.23 | 567588 | - | 567588 |
| G.W.D | പ്രോ. നം.115/2023<br>കൊറ്റനാട് ഗ്രാമ പഞ്ചായത്തിലെ ചുട്ടുമൺ- പൂവക്കട കുടിവെള്ള പദ്ധതി | V.No.22200573<br>Dtd 23.02.23 | 500000 | - | 500000 |
| G.W.D | പ്രോ. നം.114/2023<br>കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ ഉണ്ണിത്തോലി കുടിവെള്ള പദ്ധതി | V.No.22200620<br>Dtd 03.03.23 | 300000 | - | 300000 |

| | | | | | |
|---|---|---|---|---|---|
| GWD | പ്രോ.No.117/2023 കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ കണിയത്തുപടി കുടിവെള്ള പദ്ധതി | V.No.22200621 Dtd 03.03.23 | 299500 | - | 266512 |
| GWD | പ്രോ.No.116/2023 കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ അഴകത്താനി – കരിയംപ്ലാവ് കുടിവെള്ള പദ്ധതി | V.No.22200622 Dtd 03.03.23 | 266512 | - | 266512 |
| GWD | പ്രോ.No.93/2023 കാവുംപടി എസ്.സി കോളനി കുടിവെള്ള പദ്ധതി | V.No.22200623 Dtd 03.03.23 | 600000 | - | 600000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-14 | 2007-08 | 3.13.1(2) | ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ. |
| 2002-03 | 2-26 | 2007-08 | 3.13.1(4) | ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2003-04 | 3-4 | 2007-08 | 3.19.1 | ബില്ലുകളും വൗച്ചറുകളും ഹാജരാക്കിയില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2004-05 | 2-13 | 2007-08 | 3.13(1) | പ്രീമെട്രിക് ഹോസ്റ്റലിൽ നിർമാണത്തിലെ അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-4 | 2009-10 | 3.7.8 | പയറ്റുകാല കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് ( മുന്നിരിപ്പ് ഉൾപ്പെടെ) | 59223584 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51975608 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | 1998-99 എൽ.എഫ്.പി.റ്റി.എ-പി5-866/99 തീ.31-01-01 | 8 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി5-443/00 തീ.05-05-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02 തീ. 05-03-04 | 5 |
| 2001-02 | എൽ.എഫ്.പി.റ്റി.എ-പി5-312/04, തീ.04.11.14 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 തീ. 05-03-07 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07 തീ. 07-06-08 | 6 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07തീ. 07-06-08 | 2 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി6-883/07തീ. 03-04-08 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി6-700/08 തീ. 15-05-09 | 2 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09 തീ. 13-05-11 | 10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11 തീ.13-12-11 | 7 |
| 2009-10& 10-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13 തീ.03-09-13 | 5 |
| 2011-12&12-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 തീ.12-09-14 | 4 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 തീ.06-06-15 | 3 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി: 22.03.2016 | 7 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി13-335/2017 തീയതി: 06.05.17 22.03.2016 | 13 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി12-1302/2017 തീയതി: 07.12.2017 | 9 |
| 2017-18 | നം.കെ.എസ്.എ.പി.റ്റി.എ.പി12-/343/2019 തീയതി: 08.05.2019 | 8 |
| 2018-19 | നം.കെ.എസ്.എ.പി.റ്റി.എ.പി12-923/2019 തീയതി: 29.11.2019 | 9 |
| 2019-20 | നം.കെ.എസ്.എ.പി.റ്റി.എ.പി12-924/2021 തീയതി: 17.01.2022 | 2 |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി12/925/2021 തീയതി. | 5 |

| | | |
|---|---|---|
| | 17.01.22 | |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി12/268/23 തീ.30.03.23 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 30-05-2023 and submitted on 03-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the MALLAPPALLY Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of MALLAPPALLY Block Panchayat for the year 2022-2023

Date: 16/10/2023

Senior Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of MALLAPPALLY Block Panchayat for the Year 2022-2023.

**1.Major Observations**

1. Land not included as asset in the Balance Sheet

**2.Other Observations**

1.The mandatory financial statements such as notes on accounts and ratios prescribed in accounting rules are not submitted for audit.

2. Deposit Register is not maintained

3. Deposit amount booked in wrong account head

4. Advance Register is not maintained

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്